# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2368

13.02.2013-ൽ മറുപടിക്ക്

## പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി സഹകരണ സംഘത്തിലെ അംഗത്വം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. സി. കൃഷ്ണൻ: | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി സഹകരണ സംഘത്തിൽ നിലവിൽ എത്ര അംഗങ്ങൾ ഉണ്ട്; ഇതിൽ സംഘം ഭരണസമിതിയുടെ അംഗീകാരം നേടിയിട്ടില്ലാത്ത അംഗങ്ങൾ എത്രയാണ്; | (എ) | പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ്, ലിമിറ്റഡ് നമ്പർ 4386-ന്റെ കീഴിലാണ്. ഈ സംഘത്തിൽ നിലവിൽ സ്ഥാപനങ്ങൾ ഉൾപ്പെടെ 3832 അംഗങ്ങളുണ്ട്. ഇതിൽ 258 അംഗങ്ങൾ ഭരണസമിതിയുടെ അംഗീകാരം നേടിയിട്ടില്ലാത്തവരാണ്. |
| (ബി) പ്രസ്തുത സംഘത്തിൽ ഏതെല്ലാം ഭരണസമിതികളുടെ കാലയളവിൽ എത്ര അംഗങ്ങളെ പുതുതായി ചേർത്തിട്ടുണ്ട്; എല്ലാ അംഗത്വവും അതത് കാലത്തെ ഭരണസമിതി യോഗത്തിന്റെ അംഗീകാരം നേടിയിട്ടുള്ളതാണോ;<br><br>(സി) ഏതെല്ലാം കാലയളവിലെ അംഗത്വങ്ങളാണ് ഭരണസമിതി യോഗത്തിന്റെ അംഗീകാരം നേടിയിട്ടില്ലാത്തതെന്ന് വിശദമാക്കാമോ; | (ബി) യും (സി) യും | ഓരോ ഭരണസമിതികളുടെ കാലയളവിൽ ചേർത്ത അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>08.06.1993 മുതൽ 10.02.1997 വരെ - 803 അംഗങ്ങൾ.<br>13.07.2002 മുതൽ 13.07.2007 വരെ - 259 അംഗങ്ങൾ.<br>23.09.2007 മുതൽ 14.07.2010 വരെ - 2646 അംഗങ്ങൾ.<br>09.01.2011 മുതൽ - 124 അംഗങ്ങൾ.<br>ഇതിൽ 13.07.2002 മുതൽ 13.07.2007 വരെ കാലയളവിലെ ഭരണസമിതി ചേർത്ത 258 |

അംഗങ്ങൾക്ക് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് യു.ഡി.എഫ്. ഏകോപനസമിതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവിലെ എത്ര അംഗത്വങ്ങൾ റദ്ദ് ചെയ്യാനാണെന്ന് വ്യക്തമാക്കാമോ; പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി സൊസൈറ്റിയിലെ അംഗത്വം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ പ്രത്യേക ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടായിരുന്നുവോ?

(ഡി) സർക്കാരിന് യാതൊരു നിർദ്ദേശവും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**